ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനത്തിന്റെ മുഖപത്രം

# എഫ്ഫാ

JULY 2025



ORTHODOX CHRISTIAN YOUTH MOVEMENT (OCYM)
ST. THOMAS ORTHODOX CATHEDRAL, DUBAI, UAE

MY LORD AND MY GOD



**His Holiness Moran MarBaselios Marthoma Mathews III**
Catholicos of the East and Malankara Metropolitan



**H.G. Dr. Youhanon Mar Demetrios**
Metropolitan of Delhi Diocese



**H.G. Dr. Geevarghese Mar Yulios**
President of the Orthodox Christian
Youth Movement (OCYM)

# എഫഥാ

## JULY 2025

ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനത്തിന്റെ മുഖപത്രം


## Ephatha Editorial Board

**PRESIDENT**
REV. FR. AJU ABRAHAM

**ASST. VICAR**
REV. FR. JACKSON M. JOHN

**EDITOR**
GINIL C. GEORGE

**SUB EDITOR**
GINU GEORGE
SHEEBA SONY
SHONY ABRAHAM
RICKSON THOMAS
JINU THOMAS

**DESIGN & LAYOUT**
JOEL B. GEORGE


## ഉൾത്താളുകളിലൂടെ....


| | |
|---|---|
| ആശംസ | Rev.Fr Aju Abraham |
| Editorial | Ginil C George |
| ലേഖനം | Rinu Thomas |
| കവിത | Chinju Raju |
| | Saji Mulamoottil |
| | Bithiah Biju |
| കഥ | Mariam Philip |
| ലേഖനം | Sajan Thomas Thampi |
| | Sajith Mathai |
| Article | Bevin K Benny |
| ലേഖനം | Gijo George |
| കഥ | Bintu Mathai |
| ലേഖനം | Deepa Reji |
| കവിത | Shiju Thankachen |
| | Bibin Abraham |
| Recipe | Jinsa Sara Jacob |
| DIY | Honey George |
| Article | Sachin Y Chacko |
| | Jolin babu |
| | Simi Anna Kuruvilla |
| Story | Nitin Philip |
| Poem | Nimmy Lebin |
| യുവജനപ്രസ്ഥാന | |
| പ്രവർത്തന പന്ഥാവിലൂടെ | Rajoy M Rajan |
| ലേഖനം | Sheeba Sony |
| Talents | |
| Gallery | |

# ആശംസ



**റവ. ഫാ അജു എബ്രഹാം**
പ്രസിഡന്റ്

ദൈവ തിരുനാമം മഹത്വപ്പെടട്ടെ.

നമ്മുടെ ഇടവകയുടെ യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലുള്ള എഫഥാ മാഗസിന്റെ പുതിയ ഒരു ലക്കം പ്രസിദ്ധീകരിക്കുകയാണ്. എഫഥാ എന്ന വാക്കിൻറെ അർത്ഥം തുറന്നു വരിക എന്നാണല്ലോ. ബധിരനും സംസാരശേഷിയില്ലാത്തവനുമായ ഒരാൾക്ക് സൗഖ്യം നൽകുവാൻ യേശു തമ്പുരാൻ ഉപയോഗിച്ച വാക്കാണിത് (വി. മർക്കോസ് 7: 34).

സൃഷ്ടിയുടെ ആരംഭം മുതൽ മനുഷ്യ ജീവിതത്തിലെ എല്ലാ ഉൾവലിച്ചിലുകളിലും, അസ്തമിച്ചുവെന്ന് മനുഷ്യൻ കരുതിയിരുന്ന ഇടങ്ങളിൽനിന്നും ദൈവത്തിൻറെ ഇടപെടൽ അവനെ പുതിയ ദിശയിലേക്ക് നയിക്കുന്നുണ്ട് . എല്ലാ വാതിലുകളും അടഞ്ഞ്, പ്രതീക്ഷകൾ അസ്തമിച്ചു എന്ന് കരുതുന്ന സന്ദർഭങ്ങളിൽ പോലും ദൈവിക ഇടപെടലിലേക്ക് തിരിയുമെങ്കിൽ, ‘തുറന്നു വരിക’ എന്ന ദൈവ കൽപ്പന ഇന്നും എല്ലാ തലങ്ങളിലും പ്രസക്തമാണ്.

സ്വയംഉൾവലിഞ്ഞ് വൃക്ഷങ്ങൾക്കിടയിൽ ഒളിച്ചിരുന്ന ആദമിനോട് ദൈവം ചോദിക്കുന്നു ’ആദമേ നീ എവിടെയാണ്?’. എല്ലാം കഴിഞ്ഞുവെന്ന് കരുതി ഗുഹയിൽ ഒളിച്ചിരിക്കുന്ന ഏലിയാവിനോടും ദൈവം ചോദിക്കുകയാണ് ’ഏലിയാവേ ഇവിടെ നിനക്ക് എന്ത് കാര്യം?’ തുറന്നു വരിക എന്ന വാക്ക് അന്വർത്ഥമാകത്തക്കവിധം ദൈവം വ്യത്യസ്ത ദിശയിലേക്ക് കാര്യങ്ങളെ നീക്കുന്നു. അവൻ തൻറെ ഉത്തരവാദിത്വങ്ങളെ ക്രമപ്പെടുത്തി, അഗ്നി രഥത്തിൽ ഉയരത്തിലേക്ക് കരേറ്റപ്പെട്ടു. ദമസ്കോസിൻറെ പടിവാതിൽക്കൽ വച്ച് അന്ധനായി തീർന്ന ശൗൽ, ദൈവീക ഇടപെടലിലൂടെ കാഴ്ച പ്രാപിച്ച് പുതിയ ദർശനങ്ങളോടെ പൗലോസ് ആയി മാറുന്നു. പിന്നീടവൻ സധൈര്യം പ്രസ്താവിച്ചു ’ഒരുവൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടിയായി തീർന്നു.’

തിരക്കേറിയ ജീവിതക്രമവും അത്യന്തം വികസിതമായ സാങ്കേതിക സംവിധാനങ്ങളും ഒക്കെയായി വീർപ്പുമുട്ടുന്ന ഈ ആധുനിക കാലഘട്ടത്തിലും, ദൈവ പദ്ധതിയെ തിരിച്ചറിയുവാൻ ദൈവോന്മുഖമായ ഒരു അന്വേഷണത്തിന് നാം തയ്യാറാകുമെങ്കിൽ, ദൈവത്തിൻറെ ക്ഷണം ഇന്നും നമുക്കുണ്ട്. ‘ഇതാ ഞാൻ വാതിൽക്കൽ നിന്ന് മുട്ടുന്നു. ആരെങ്കിലും എൻറെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവൻറെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും‘. (വെളിപാട് 3:20)

എഫഥായിൽ കൃതികൾ എഴുതിയ എല്ലാവർക്കും പ്രസിദ്ധീകരണത്തിനായി യത്നിച്ച എല്ലാ പ്രിയപ്പെട്ടവർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.
ദൈവം അനുഗ്രഹിക്കട്ടെ.

# സെന്റ് തോമസ് ഓർത്തഡോക്സ്കത്തീഡ്രൽ ക്രൈസ്തവ യുവജനപ്രസ്ഥാനം, ദുബായ്

## മംഗളോപഹാരം



## റവ. ഫാ. ജാക്സൺ എം. ജോൺ

ധ്യാനം കൊണ്ടും ബലി കൊണ്ടും ഓരോ അനുഭവങ്ങൾക്കും കാഴ്ചകൾക്കും പിന്നിൽ ധ്യാനവെളിച്ചം രൂപപ്പെടുത്തിയ ആത്മീയാചാര്യൻ. പുരോഹിതവഴിയിൽ തന്റേത് മാത്രമായ വഴികളെ സൃഷ്ടിച്ച എതിർപ്പുകളെ പുഞ്ചിരിയോടെ നേരിട്ട പുരോഹിതൻ. ആദർശത്തിന്റെ കണിക പോലും അടിയറവു വയ്ക്കാതെ ഹൃദയശുദ്ധിയോടെ തന്റെ കർമ്മപഥത്തിൽ സഞ്ചരിക്കുന്ന ഉത്തമനും വിശ്വസ്ഥനും നല്ലവനും ആയ ആചാര്യൻ. യുവത്വത്തിന്റെ സ്പന്ദനം ഹൃദയത്തിൽ ഉൾക്കൊണ്ട സ്നേഹ സാമിപ്യം. മാനവികതയുടെ മായം ഇല്ലാത്ത വിശ്വാസവും അതിൽ നിന്നുയരുന്ന മനുഷ്യസ്നേഹവും അങ്ങയുടെ ദൈവനിയോഗത്തിന്റെ നിറവേരലുകൾ ആയിരുന്നു. പ്രാർത്ഥനാനിരതമായ ജീവിതത്തിൽ ഉന്നതമായ ചിന്തകൊണ്ടും സത്യവിശ്വാസത്തിൽ ചലിക്കുന്ന കാലടികളും കൊണ്ട് ദൈവത്തിനും മനുഷ്യനും മധ്യേ ശിരസ്സുയർത്തി നിന്ന് ആകുലതകളും പരിഭവങ്ങളും ഇല്ലാതെ ഇടവകയെ നയിച്ച പുരോഹിത ശ്രേഷ്ഠൻ. ദർശനത്തോടും സമർപ്പണത്തോടും സുതാര്യതയോടും മൂന്ന് വർഷക്കാലം വിവിധ നിലകളിലും തലങ്ങളിലും പൗരോഹിത്യ ശുശ്രൂഷ  നിറപടിയായി നിർവഹിച്ച അങ്ങയോടുള്ള ആദരവ് സവിനയം സമർപ്പിക്കുന്നു. ഒരു നല്ല ഗുരുവായും വഴികാട്ടിയായും മാർഗ്ഗദർശിയായും ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ ആത്മീയ ഭൗതിക മേഖലകളിൽ ശ്രേഷ്ഠവും പ്രാർത്ഥനാപൂർവ്വവും ആയ നേതൃത്വം നൽകി ഇടവകയിൽ നിന്നും യാത്ര ആകുന്ന ആത്മീയാചാര്യാ, സഭ അങ്ങയുടെ മാതാവും വിശ്വാസ ദൂതന്മാർ സഖിയും അപ്പോസ്തലന്മാർ സഹോദരങ്ങളും ആയിരിക്കട്ടെ. പരിശുദ്ധ സഭയ്ക്കും സമൂഹത്തിനും അനുഗ്രഹീതം ആയ നേതൃത്വം നൽകുവാനും ആത്മീയ സ്രോതസ്സായി പരിലസിക്കുവാനും സർവ്വശക്തൻ കൃപയും കരുണയും ചൊരിയട്ടെ. അളവറ്റ നന്ദിയോടെ നിറഞ്ഞ മനസ്സോടെ ഞങ്ങൾക്ക് മാർഗ്ഗദീപം ആയിരുന്ന ആത്മീയാചാര്യാ അലൗകികമായ സ്നേഹത്തിന്റെ കൈയൊപ്പ്, ഈ മംഗളപത്രം, ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ക്രൈസ്തവ യുവജനപ്രസ്ഥാനം സ്നേഹാദരങ്ങളോടെ സമർപ്പിക്കുന്നു.

ദുബായ്
15.06.2025





ജിനിൽ സി ജോർജ്



# വിശ്വാസവും പ്രവൃത്തിയും

എഡിറ്റോറിയൽ

**വി**ശ്വാസം എന്നത് ഒരു വ്യക്തിയുടെ മനസ്സിലെ ആന്തരിക ബലമാണെങ്കിൽ, അതിന്റെ യഥാർത്ഥ പ്രതിഫലനം പ്രവൃത്തിയിലൂടെയാണ്. വിശ്വാസം എന്ന് പറയുന്നത് കേവലം വാക്കുകളിലോ ആചാരങ്ങളിലോ ഒതുങ്ങേണ്ടതല്ല, അത് ആരാധനയിലൂടെയും പഠനത്തിലൂടെയും സേവനത്തിലൂടെയും പ്രകടമാകുമ്പോഴാണ് അതിന്റെ സാർവത്രികതയും സത്യതയും തെളിയുന്നത്.

യാക്കോബ് ശ്ലീഹായുടെ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: ‘അങ്ങനെ മനുഷ്യൻ വെറും വിശ്വാസത്താലല്ല, പ്രവൃത്തികളാൽ തന്നെ നീതീകരിക്കപ്പെടുന്നു എന്ന് നിങ്ങൾ കാണുന്നു.‘ ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ പ്രവൃത്തിയില്ലാത്ത വിശ്വസവും നിർജ്ജീവമാകുന്നു. തന്റെ മകനായ ഇസഹാക്കിനെ യാഗപീഠത്തിൽ അർപ്പിച്ച അബ്രഹാം പ്രവൃത്തിയാൽ നീതീകരിക്കപ്പെട്ടു. അവന്റെ പ്രവൃത്തിയോടുകൂടെ വിശ്വാസം വ്യാപാരിച്ചു എന്നും പ്രവൃത്തിയാൽ വിശ്വാസം പൂർണ്ണമായി എന്നും നാം കാണുന്നു.

ആരാധനാ, പഠനം, സേവനം എന്നീ ആശയങ്ങൾ മുൻനിർത്തി പ്രവർത്തിക്കുന്ന ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ യൂണിറ്റുകളിലൊന്നാണ് ദുബായ് യുവജനപ്രസ്ഥാനം.

ഇടവകയുടെ കാവൽപിതാവായ മാർത്തോമാ ശ്ലീഹായുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ചിറക്കുന്ന എഫഥായുടെ ഈ പതിപ്പിൽ നമ്മുടെ യുവജനപ്രസ്ഥാനത്തിന്റെ നാൾവഴികളിലൂടെ സഞ്ചരിക്കുന്നതിനൊപ്പം പ്രസ്ഥാന അംഗങ്ങളുടെ ലേഖനങ്ങളും കഥകളും കവിതകളും അവരുടെ അനുഭവങ്ങളും ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.

ദുബായ് യുവജനപ്രസ്ഥാനത്തിനു സമൂഹത്തിൽ പ്രത്യാശയുടെയുംവെളിച്ചത്തിന്റെയും ഉറവിടമായി തുടരുവാൻ സാധിക്കട്ടെ. വിനയത്തോടെയും ധൈര്യത്തോടും സത്യവിശ്വാസം മുറുകെ പിടിച്ചു കർമനിരതരായി നമുക്ക് മുന്നേറാം.



# വിശ്വാസവുമായി വീണ്ടും ബന്ധപ്പെടൽ

റിനു തോമസ്



യുവജനങ്ങളെന്ന നിലയിൽ, ആധുനിക ജീവിതത്തിലെ വെല്ലുവിളികളെ നാം നിരന്തരം നേരിടുന്നു. സോഷ്യൽ മീഡിയ, അക്കാദമിക്, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവയ്ക്കിടയിൽ, യഥാർത്ഥത്തിൽ എന്താണ് പ്രധാനമെന്ന് മറന്നുപോകുന്നത് എളുപ്പമാണ്. നമ്മളിൽ പലരും ആത്മീയ ജീവിതത്തിൽ നിന്ന് അകന്നുപോകുന്നു, പക്ഷേ എന്തുകൊണ്ട്?

നമ്മുടെ ആത്മീയ സ്വത്വത്തിൽ നിന്ന് നമ്മെ അകറ്റാൻ കഴിയുന്ന ഒരു പ്രത്യേക വെല്ലുവിളിയാണ് ആധുനിക ലോകം അവതരിപ്പിക്കുന്നത്:

**സോഷ്യൽ മീഡിയ ഓവർലോഡ്:**

സോഷ്യൽ മീഡിയ നമ്മെ ബന്ധിപ്പിക്കുമ്പോൾ, അത് നമ്മെ ശൂന്യത അനുഭവിക്കുകയും ആഴമേറിയതും അർത്ഥവത്തായതുമായ പ്രവർത്തനങ്ങളിൽ നിന്ന് വ്യതിചലിപ്പിക്കുകയും ചെയ്യും.

**അക്കാദമിക്, കരിയർ സമ്മർദ്ദങ്ങൾ:**

വിജയത്തിനായുള്ള പ്രേരണ അതിരുകടന്നേക്കാം, പലപ്പോഴും ആത്മീയ പ്രതിഫലനത്തെ വശത്തേക്ക് തള്ളിവിടുന്നു.

**മൂല്യങ്ങൾ മാറുന്നത്:**

സാംസ്കാരിക പ്രവണതകളും വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന മാനദണ്ഡങ്ങളും ആത്മീയ പാരമ്പര്യങ്ങളെ കാലഹരണപ്പെട്ടതായി തോന്നിപ്പിക്കും, എന്നിരുന്നാലും ഈ പാരമ്പര്യങ്ങൾ പലപ്പോഴും കാലാതീതമായ ജ്ഞാനം നിലനിർത്തുന്നു.

വിശ്വാസത്തിൽ ലക്ഷ്യം കണ്ടെത്തുക

ആത്മീയത പാരമ്പര്യത്തെക്കുറിച്ചു മാത്രമല്ല; അത് ലക്ഷ്യവും അർത്ഥവും അതിലും മഹത്തായ ഒന്നുമായുള്ള ബന്ധവും കണ്ടെത്തുന്നതിനെക്കുറിച്ചാണ്. മൂല്യങ്ങൾ വികസിപ്പിക്കാനും, പ്രതിരോധശേഷി വളർത്തിയെടുക്കാനും, അനുകമ്പ വളർത്തിയെടുക്കാനും ഇത് നമ്മെ സഹായിക്കുന്നു. വിശ്വാസത്തിന് മുൻഗണന നൽകുന്നതിലൂടെ, നമുക്ക് ദിശാബോധവും പൂർത്തീകരണവും കണ്ടെത്താൻ കഴിയും.

വീണ്ടും ബന്ധപ്പെടാനുള്ള ലളിതമായ വഴികൾ

**പ്രാർത്ഥനയും ധ്യാനവും:** പ്രാർത്ഥിക്കാനും, ചിന്തിക്കാനും, ധ്യാനിക്കാനും എല്ലാ ദിവസവും കുറച്ച് മിനിറ്റ് എടുക്കുക.

**സമൂഹം:** സമാന ചിന്താഗതിക്കാരായ സമപ്രായക്കാരുമായി ബന്ധപ്പെടാൻ ഒരു യുവജന കൂട്ടായ്മയിലോ ബൈബിൾ പഠനത്തിലോ ചേരുക.

**സേവനം:** പ്രായോഗികമായ രീതിയിൽ നിങ്ങളുടെ വിശ്വാസം പ്രാവർത്തികമാക്കുന്നതിന് സേവന പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

നമുക്ക് ഒരുമിച്ച് വിശ്വാസം വീണ്ടും കണ്ടെത്താം

നമ്മുടെ ആത്മീയ ജീവിതങ്ങൾക്ക് മുൻഗണന നൽകാൻ ബോധപൂർവമായ ശ്രമം നടത്താം. അങ്ങനെ ചെയ്യുന്നതിലൂടെ, നമുക്ക് ആഴത്തിലുള്ള ലക്ഷ്യബോധം, ബന്ധം, സംതൃപ്തി എന്നിവ കണ്ടെത്താൻ കഴിയും. നിങ്ങളുടെ വിശ്വാസവുമായി എങ്ങനെ ബന്ധം നിലനിർത്താം എന്നതിനെക്കുറിച്ചുള്ള നിങ്ങളുടെ ചിന്തകളും അനുഭവങ്ങളും ആശയങ്ങളും പങ്കിടുക. അതിനായി നമ്മുടെ യുവജന പ്രസ്ഥാനം പോലെയുള്ള ആത്മീയ സംഘടനകൾ പല അവസരങ്ങൾ ഒരുക്കുന്നുണ്ട്. അതുപോലെ ദിവ്യബോധനം എന്ന അൽമായ വിശ്വാസപഠന വേദി കൂടുതലായി പഠിക്കുവാനും അവസരങ്ങൾ ഒരുക്കുന്നുണ്ട്. ദൈവത്തിലേക്ക് നമ്മളെ അടുപ്പിക്കുന്നതിനുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിൽ നമ്മൾ പ്രത്യേകം ശ്രദ്ധിക്കണം.

ഒരുമിച്ച്, നമ്മുടെ ആത്മീയ യാത്രകളിൽ വളരാൻ നമുക്ക് പരസ്പരം പ്രചോദിപ്പിക്കാം.

# സ്നേഹബിന്ദു

ചിഞ്ചു രാജു



കാർമേഘം ഇരുളിനെ മൂടുന്നപോലെ
നീറുമെൻ ജീവനിൽ സ്നേഹത്തിൻ നേർത്ത
തെന്നലായി വന്ന കാറ്റേ...
നിൻ തലോടലിനായി വിതുമ്പുമെൻ പ്രാണനിൽ
സ്നേഹസ്പർശമായി വന്നു നീ
അറിയാതെ നീയെൻ പ്രാണനായി
പ്രണയിച്ചു പോയി നിന്നെ ഞാൻ
വിധിയെന്ന വിരഹവേദനയിൽ പിടയുമെൻ
ജീവനിൽ
നിൻ തൂവൽ സ്പർശത്തിനായി കാത്തിരിക്കും
മാടപ്രാവായി
വരും ജന്മം എങ്കിലും ഒരു പുൽക്കൊടിയായി
തഴുകി ഉണർത്തുമെൻ ആത്മാവിൽ
കാത്തിരിക്കാം നമുക്ക് ആ യുഗത്തിനായി...



സജി മുളമൂട്ടിൽ

# മൂക സാക്ഷി

ഇത് എന്റെ രക്തം.. ഇത് നിന്റെ രക്ഷ.
പേടിച്ച പേടമാൻ മിഴിയുമായി നിൽക്കുമെൻ അമ്മേ..
ഇതാ നിന്റെ പുത്രൻ.
തിരുവെഴുത്തെല്ലാം നിവൃത്തിയാവോളം..
തരുവിൽ എൻ ദേഹി തൂങ്ങിടേണം.
മുഴങ്കാൽ തകർക്കാത്ത കുഞ്ഞാടിനെ പോലെ..
ഇന്നീ യാഗം ഇവിടെ അർപ്പിക്കണം.
ഉദരത്തിൽ എൻ ഭാരം പേറി നീ...
ഗിരിനിഝരങ്ങളെ താണ്ടിയപ്പോൾ..
നിൻ കിതപ്പും കുതിപ്പും അറിഞ്ഞെന്റെ ഉള്ളം
നിൻ മാതൃസ്നേഹത്തിൻ നിറവറിഞ്ഞു.
ഒരുവേള ഒരു കാതം അകലെ ഞാൻ മറഞ്ഞപ്പോൾ..
തേടി നിൻ മനം അന്ന് തേങ്ങലോടെ..
മാറോട് ചേർത്തു നീ നൽകിയ ചുംബനം.
മാതൃസ്നേഹത്തിന് ശ്രേഷ്ഠ ഭാവം.
എൻ അന്തരാത്മാവിൽ ചേതന കണ്ടു നീ..
കാനാവിൽ അന്നു നീ കൽപ്പിച്ചപോൾ..
വീഞ്ഞ് തുളുമ്പുന്ന കൽഭരണി പോലെ..
തുളുമ്പട്ടെ ആ നിർമല സ്നേഹമി ഭുവനത്തിൽ.
മൂന്നാം മണിയാകുന്ന നേരം
ഇരുളാർന്നു വാനവും ഭൂമിയും
മറ കീറി മറയുന്ന മിന്നൽ പിണറും..
ഗതിയറിയാതെ ഉഴലുന്ന കാറ്റിന്റെ രോദനം..
മണി മൂന്ന് ആകുന്ന നേരം
തിര തല്ലി ഉയരുന്നു ആഴി തൻ അലകൾ.
ഓടി ഒളിച്ചോരു പകലോന്റെ ശോകം
മൂക സാക്ഷിയാകുമെൻ.. അമ്മേ
ഇറ്റ്.. ഇറ്റ് വീഴും എൻ രക്ത ബിന്ദുക്കൾ
തലയോടിടം പിളർന്നന് അമരട്ടെ ഭൂമിയിൽ..
ഇനി ഞാൻ മടങ്ങട്ടെ പുതുചരിതം എഴുതട്ടെ
ഇത് എന്റെ രക്തം ഇത് ലോകരക്ഷ..



ബിഥ്യ ബിജു

# നിനക്കാത്ത നാളുകൾ

ഓരോ മഴത്തുള്ളിക്കും ഉണ്ട് ഒരു ചെറുകഥ
കാർമേഘങ്ങളിൽ നിന്നും പുറപ്പെടും
ഓരോ തുള്ളിയും
അത് പതിക്കുന്ന ഭൂമിക്ക് നൽകും
സ്നേഹവും വാത്സല്യവും
ഉറങ്ങുന്ന വിത്തുകൾ ഉണരും
തളർന്ന പുഷ്പങ്ങൾ ഉല്ലസിക്കും
വരണ്ട പുഴകൾ കുത്തി ഒഴുകും
കരയുന്ന മനസ്സുകൾ സന്തോഷിക്കും
ദാഹിക്കുന്ന ജീവനുകൾ ആനന്ദിക്കും
എന്നാൽ ....
അതെ മഴത്തുള്ളികൾ കൊണ്ടുവരും
നാശങ്ങൾ
മനുഷ്യന്റെ പ്രവർത്തിയാൽ കരയും
മേഘങ്ങൾ
നിയന്ത്രണമില്ലാതെ പെയ്യും, മിഴികൾ
ജലം മൂടും ഭൂമിയെ
വീർപ്പ് മുട്ടി ഞെരുങ്ങും മണ്ണും വിത്തും
എങ്ങും കരച്ചിലും നിലവിളികളും
സമയമായി പ്രിയരേ
മേഘങ്ങളേ അറിയാൻ
ഭൂമിയെ അറിയാൻ
ഹൃദയങ്ങളെ അറിയാൻ...



# നിലാവു കായ്ക്കുന്ന മരം



മറിയം ഫിലിപ്

പ്രധാന നിരത്തുവിട്ട് അല്പം ഉള്ളിലേക്കു മാറിയുള്ള ഇടവഴിയുടെ അരികിലായിരുന്നു അവളുടെ വീട്. വീടിൻറെ ഉമ്മറം എപ്പോഴും ശൂന്യമായി കാണപ്പെട്ടു. ആ വീട്ടിലെ ഏറ്റവും പുറകിലെ മുറിയായിരുന്നു അവളുടെ താവളം. കുറെക്കാലമായിട്ടു അവൾ അങ്ങനെ പുറത്തേക്കൊന്നും ഇറങ്ങാറില്ല. ഇറങ്ങാൻ സാധിക്കില്ല, എന്ന് പറയുന്നതാണ് ശരി. മിക്കവാറും സമയവും ആ കട്ടിലിൽ കിടക്കും. ഭക്ഷണം കഴിക്കാൻ ഒക്കെ മാത്രമാണ് എഴുന്നേൽക്കാറുള്ളത്. എഴുന്നേറ്റ് നിന്നാൽ തലകറങ്ങും. കുറച്ചുനേരം നിന്ന് പതുക്കെ അല്പം നടന്നു ഭിത്തിയിൽ പിടിച്ചു പിടിച്ച് പതുക്കെ വീടിന് പിന്നാമ്പുറത്തെ ചെറിയ തിണ്ണയിലിറങ്ങി അവിടെ ഇരിക്കും. സാറയും ശലോമിയും ഹന്നയുമൊക്കെ മാത്രം ഇടയ്ക്കൊക്കെ അന്വേഷിച്ചു വരും.

ഒരു പെൺകുട്ടി മുതിർന്നു എന്ന് പറയുമ്പോൾ അത് എത്ര സന്തോഷത്തോടെയാണ് വീട്ടുകാർ സ്വീകരിക്കുന്നത്! അവൾക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ ഭക്ഷണം, അവൾക്ക് തേച്ചുകുളിക്കാൻ എണ്ണ! പുതു വസ്ത്രം! ആഭരണങ്ങൾ! കുടുംബാംഗങ്ങൾ അത് ഒരു ആഘോഷം പോലെ നടത്തുന്നു. പുതുവസ്ത്രങ്ങൾ ധരിച്ച് ഒരു വധുവിനെ പോലെ ഒരുങ്ങി, കവിളിലെ അരുണിമയും കണ്ണിലെ സ്വപ്നങ്ങളും. സൗന്ദര്യം എന്നല്ല ലാവണ്യം എന്ന് വിശേഷിപ്പിക്കാവുന്ന ഭാവങ്ങൾ!

തൻറെയും ആദ്യകാലങ്ങൾ അങ്ങനെയൊക്കെ തന്നെയായിരുന്നു. കുറെ കാലം പ്രത്യേകിച്ചു കുഴപ്പമുണ്ടായിരുന്നില്ല. പിന്നെ പതുക്കെപ്പതുക്കെ അശുദ്ധിയുടെ ദിനങ്ങൾ വർദ്ധിച്ചുവന്നു. ശരീരത്തിന് ക്ഷീണവും കൂടി. എന്തൊക്കെ മരുന്നുകൾ കഴിച്ചു നോക്കി, അശുദ്ധയായിരിക്കുന്ന ദിവസങ്ങൾ കൂടി വരുന്നതല്ലാതെ ഒന്നും സംഭവിച്ചില്ല.

ഒരാളുടെ ശരീരത്തിൽ ഇത്രയധികം രക്തം ഉണ്ടാകുമോ? മിക്ക ദിവസങ്ങളിലും രക്തസ്രാവം ഉണ്ടാവും. യഹൂദന്മാരുടെ നിയമം അനുസരിച്ച് അശുദ്ധിയായിരിക്കാനേ സമയമുള്ളൂ. മുറിയോട് ചേർന്നുള്ള മറപ്പുരയിൽ വെള്ളം കൊണ്ടുവെക്കാറുള്ള അടിമപ്പെൺകുട്ടി വെള്ളം കൊരി തളർന്നു. ഒരിടത്തേക്ക് പോകാൻ വയ്യ! ശരീരത്തിൻറെ ക്ഷീണം മാത്രമല്ല, അശുദ്ധിയുടെ ഭാരം കൂടി പേറണം. പള്ളിയിൽ പോയ കാലം മറന്നു. വിശുദ്ധ ഗ്രന്ഥങ്ങൾ ഒന്നും തൊടാൻ കൂടി കഴിയില്ല.

അകലെയുള്ള ഒരു വൈദ്യനെപ്പറ്റി സാറയാണു പറഞ്ഞതെന്നു തോന്നുന്നു. തൻറെ ഈ അവസ്ഥയിൽ അവളോളം ദുഖം ആർക്കുമില്ലന്നു പലപ്പോഴും തോന്നിയിട്ടുണ്ട്. അയാൾ വളരെ സമർത്ഥനാണത്രേ! . ഇതുപോലെയുള്ള അസുഖങ്ങളൊക്കെ ചികിത്സിച്ചു മാറ്റും. പക്ഷേ അവിടെവരെ പോകണം. യാത്രയുടെ ചിലവുകൾ, പിന്നെ അവിടെയുള്ള താമസത്തിൻറെ ചിലവുകൾ. മരുന്നുകൾ, സഹായത്തിന് കൊണ്ടുപോകേണ്ട അടിമകൾ, എല്ലാം ചെലവ് തന്നെ, മുമ്പിൽ വേറെ മാർഗ്ഗമൊന്നുമുണ്ടായിരുന്നില്ല. ഒരു നല്ല മുന്തിരിത്തോട്ടം ഉണ്ടായിരുന്നത് വിറ്റു കിട്ടിയ മുഴുവൻ പണവും ചികിത്സക്കും, ചികിത്സ ഫലിക്കാതെ വന്നപ്പോൾ മന്ത്രവാദത്തിനും, പിന്നെ നേർച്ച കാഴ്ചകൾക്കും, എല്ലാം ചെലവാക്കി. ഉണ്ടായിരുന്ന വസ്തുക്കൾ മുഴുവനും ഇതിൻറെ പേരിൽ നഷ്ടപ്പെടുത്തി എന്നു പറഞ്ഞാൽ മതിയല്ലോ?

രോഗം മാറിയില്ല, അശുദ്ധിയുടെ ആചാരങ്ങൾ തെറ്റിച്ചതുമില്ല. വീട്ടുകാരും മടുത്തു. ഈ ജീവിതം അങ്ങ് അവസാനിപ്പിച്ചാലോ എന്ന് പോലും ചിന്തിച്ചു. പക്ഷേ ചെറുപ്പം മുതൽ വായിച്ചു വന്ന വിശുദ്ധ ഗ്രന്ഥങ്ങൾ, കേട്ടറിഞ്ഞ കഥകൾ, സ്വർഗ്ഗനരകങ്ങളെ പറ്റിയുള്ള ചിന്തകൾ....പിന്നെ ജീവനില്ലാത്തതുപോലെ ദിവസങ്ങൾ തള്ളി നീക്കി. പ്രതീക്ഷകൾ നഷ്ടപ്പെട്ട പ്രഭാതങ്ങളും, വാടിത്തളർന്നുവീണ, നിറമില്ലാത്ത പകലുകളും അരുണിമയില്ലാത്ത അസ്തമയവും. ഒരു നിലാവെട്ടവും കായ്ക്കാത്ത, മരത്തലപ്പുകൾ ജന്നലുകളിൽ കൂടി പോലും എത്തിനോക്കാത്ത, നരച്ച സ്വപ്നങ്ങളുടെ രാത്രികളും. ചുറ്റുപാടുകളെ വെറുത്തു. ഓരോ ശബത്തും എത്തുമ്പോൾ ഒരു ആഴ്ച കഴിഞ്ഞു എന്നറിഞ്ഞു.

മുന്തിരിച്ചാർ ശരീരത്തിൻറെ ക്ഷീണം കുറയ്ക്കുമെന്നും പറഞ്ഞു സാറ ഒരു ഭരണി നിറയെ മുന്തിരിച്ചാറുമായി വന്നു. അവളാണ് ഇടയ്ക്കൊക്കെ വന്നാൽ അൽപനേരം കൂടെയിരുന്ന് ലോക കാര്യങ്ങളൊക്കെ പറയുന്നത്.

നാസറായനായ യേശു എന്ന രക്ഷകനെ പറ്റി പറഞ്ഞതും അവളാണ്.'നമ്മൾ കാത്തിരുന്ന ക്രിസ്തു ആണത് എന്നാണ് എല്ലാവരും പറയുന്നത്, എന്തായാലും ദൈവത്തിൽ നിന്നുള്ളവൻ തന്നെയാണ്. അദ്ദേഹത്തിൻറെ അടുത്ത് എത്തുന്നവരെല്ലാം സൗഖ്യം നേടുന്നുണ്ടു പോലും! ആരും തൊടാൻ പേടിക്കുന്ന, പൊട്ടിയൊലിച്ച വ്രണങ്ങളിൽ, ഈച്ച ആർക്കുന്ന കുഷ്ഠരോഗിയെ പോലും അദ്ദേഹം തൊട്ടു സൗഖ്യമാക്കിയത്രേ!!. ഭൂതങ്ങളും കൂടി അദ്ദേഹത്തെ അനുസരിക്കുന്നു പോലും!!. അദ്ദേഹത്തെ ഒന്നു കണ്ടാൽ തീർച്ചയായും ........'

ചെറുപ്പത്തിൽ സാറയുടെയും, ശലോമിയുടെയും ഒപ്പം പള്ളിയിലേക്ക് പോകുമ്പോൾ ശ്മശാനത്തിൻറെ അടുത്ത് കല്ലറകളിൽ കഴിഞ്ഞിരുന്ന ഒരു ഭൂതബാധിതനെ കണ്ടിരുന്നു. ചിലപ്പോൾ അപ്രതീക്ഷിതമായി വഴിയരികിലും അയാളെ കാണാം. മുടിയും താടിയും ഒക്കെ നീണ്ട്....., വളർന്നു വളഞ്ഞ നഖങ്ങളും...., നീണ്ട മഞ്ഞ നിറമുള്ള പല്ലുകളും... ഉള്ള ഒരാൾ.!! മിക്കപ്പോഴും

അയാൾ നഗ്നനുമായിരുന്നു. ചിലപ്പോൾ വെറുതെ ഓളിയിടും, ഉറക്കെ നിലവിളിക്കും, അലറിവിളിക്കും. ചിലപ്പോൾ ഒന്നും മിണ്ടാതെ കാട്ടിലും ശ്മശാനത്തിനടുത്തുള്ള മരത്തിനു കീഴെയും കഴിഞ്ഞിരുന്ന ഒരാൾ!! കഴിഞ്ഞ ദിവസം അയാളുടെ കാര്യം സാറ പറഞ്ഞത് കേട്ടപ്പോൾ വിശ്വസിക്കാൻ കൂടി കഴിഞ്ഞില്ല!! അയാൾ കുളിച്ചു വൃത്തിയായി വസ്ത്രം ധരിച്ച് യേശുവിൻറെ അടുത്ത് അദ്ദേഹം പറയുന്നതൊക്കെ ശ്രദ്ധിച്ചിരിക്കുന്നത് അവൾ കണ്ടത്രേ!!

ആളുകളുടെ ഇടയിലേക്ക് തനിക്ക് പോകാൻ കഴിയില്ല. അശുദ്ധയായ സ്ത്രീയാണല്ലോ, യേശുവിൻറെ അടുത്ത് എത്തിയിരുന്നെങ്കിൽ, ഒരുപക്ഷേ.... അദ്ദേഹം ഒന്ന് തൊട്ടിരുന്നെങ്കിൽ....പക്ഷേ താൻ സമൂഹത്തിൽ ആളുകളുടെ ഇടയിലേക്ക് ഇറങ്ങിപ്പോയി എന്ന് മറ്റുള്ളവർ അറിഞ്ഞാൽ.... ആചാരങ്ങൾ തെറ്റിച്ചതിൻറെ പേരിൽ എന്തൊക്കെയാവാം സംഭവിക്കുക?

പക്ഷേ സാറക്കു നല്ല ധൈര്യം ആയിരുന്നു!! എനിക്കവൾ നല്ല തണലും!. അവളുടെ വീടിനടുത്തുള്ള പ്രധാനനിരത്തിലൂടെ ക്രിസ്തു വരുന്ന വിവരം അവളു വന്നു പറഞ്ഞു. അവൾ പോയതിനുപുറകെ വേഗം വേഷം മാറി ആരും തിരിച്ചറിയാതിരിക്കാൻ മുഖം കൂടി മറച്ചുകൊണ്ട് പിൻ വാതിലിലൂടെ പുറത്തിറങ്ങി. അല്ലെങ്കിലും വീടിൻറെ മറ്റിടങ്ങൾ തനിക്ക് വിലക്കപ്പെട്ടതാണല്ലോ?. നടക്കാൻ ബുദ്ധിമുട്ടുണ്ട്, പക്ഷേ യേശുവിനെ കാണണമെന്ന ആഗ്രഹം തന്നെ വലിച്ചുകൊണ്ടു പോകുകയായിരുന്നു.

വലിയൊരു കൂട്ടം ആളുകളോടൊപ്പം ആയിരുന്നു യേശു നടന്നുവന്നത്. സൗഖ്യം നേടാൻ ആഗ്രഹിച്ച ധാരാളം ആളുകൾ അവരുടെ രോഗികളെയും കൊണ്ടുവരുന്നുണ്ടായിരുന്നു. തനിക്കു ക്രിസ്തുവിനെ അടുത്തുനിന്നൊന്നു കാണാൻ പോലും കഴിയില്ല എന്നാണ് അവൾക്ക് ആദ്യം തോന്നിയത്. ആൾക്കൂട്ടത്തിൽ ഉള്ള ഒരാളായി അവൾ ക്രിസ്തുവിൻറെ അടുത്തേക്ക് തിക്കിത്തിരക്കി എത്തി. അപ്പോഴും താൻ രോഗിയാണെന്ന സത്യം അവൾ ശരീരത്തിൽ അറിയുന്നുണ്ടായിരുന്നു. മുഖം കൂടി മറയുന്നവിധം തല മൂടിയിരുന്ന തുണി താഴ്ത്തിയിട്ടു. എൻറെ ദൈവമേ .... ഇപ്പോഴെങ്കിലും...ഈ ഒരുപ്രാവശ്യം........ഒരേ ഒരു പ്രാവശ്യം ......

മേൽ തൊട്ടടിയോളം തയ്യൽ ഇല്ലാത്ത കുപ്പായം ആയിരുന്നു അദ്ദേഹം ധരിച്ചിരുന്നത്. അദ്ദേഹത്തിൻറെ തൊട്ടു പിറകിലായി അവൾ എത്തി. എത്ര ശ്രമിച്ചിട്ടും മുമ്പോട്ടു നീങ്ങാനേ കഴിയുന്നില്ല. ദൈവമേ ആരെങ്കിലും കണ്ടാലോ?... വല്ലാത്ത പേടി തോന്നി. ക്രിസ്തുവിനെ കാണാതെ, ക്രിസ്തു കാണാതെ തിരിച്ചുപോകേണ്ടി വരുമോ? പെട്ടെന്നൊരു ഉൾവിളി, ആ കുപ്പായത്തിൻറെ, അദ്ദേഹത്തിൻറെ വസ്ത്രത്തിൻറെ അറ്റമെങ്കിലും ഒന്ന് തൊടാൻ കഴിഞ്ഞിരുന്നെങ്കിൽ സൗഖ്യമാകാമായിരുന്നു.

ഒരു നിമിഷം അവൾ കണ്ണുകൾ അടച്ചു മനസ്സുരുകി പ്രാർത്ഥിച്ചു. എൻറെ ദൈവമേ.... ഞാൻ ചെയ്യുന്നത് അവിവേകം ആണെങ്കിൽ എന്നോട് പൊറുക്കേണമേ.... ഞാൻ ഈ രോഗവുമായി എത്രയധികം കഷ്ടപ്പെടുന്നു എന്ന് നീ അറിയുന്നുവല്ലോ........ എൻറെ ദൈവമേ, അങ്ങ് എനിക്ക് സൗഖ്യത്തിന് മാർഗമായി യേശുവിനെ കാണിച്ചു തന്നതാണെന്ന് ഞാൻ വിശ്വസിക്കുന്നു. ധൈര്യം വീണ്ടെടുത്ത് അവൾ ക്രിസ്തുവിൻറെ കുപ്പായത്തിൽ പതുക്കെ ഒന്ന് തൊട്ടു. ആരും കാണുന്നില്ല എന്നാണ് കരുതിയത്, ശ്രദ്ധിക്കുന്നില്ലെന്നും.!! ആരും ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. പക്ഷേ തൻറെ ശരീരത്തിലൂടെ വലിയൊരു ശക്തിയുടെ പ്രവാഹം ഒരു മിന്നൽ പോലെ പാഞ്ഞുപോയത് അവൾ അറിഞ്ഞു. തൻറെ രോഗം ആ നിമിഷം തന്നെ ഭേദമായി എന്ന് അവൾക്ക് മനസ്സിലായി. അതേ നിമിഷം, അതേ നിമിഷം തന്നെ, അദ്ദേഹം തിരിഞ്ഞു നോക്കി. ക്രിസ്തുവിൻറെ കണ്ണുകളെ നേരിടാൻ ആകാതെ അവൾ തലകുനിച്ചു നിന്നു. തെറ്റിൽ പിടിക്കപ്പെട്ട കുട്ടിയെ പോലെ അവൾ പതറി.

'ആരാണ് എന്നെ തൊട്ടത്' ക്രിസ്തു ചോദിച്ചു

'എന്നിൽ നിന്ന് ശക്തി പുറപ്പെട്ടിരിക്കുന്നു'

'ആരുടെയോ രോഗം സൗഖ്യമായിരിക്കുന്നു, ആരാണ് എന്നെ തൊട്ടത്?'

'ധാരാളം ആളുകൾ നിൽക്കുന്നിടത്ത് എങ്ങനെ അറിയാനാണ്' എല്ലാവരും തിക്കിത്തിരക്കി നിൽക്കുകയല്ലേ?' ശിഷ്യന്മാർ പറഞ്ഞു

'അത് ആരാണ്? ആരോ എന്നെ തൊട്ടിരിക്കുന്നു.'

അവൻ വീണ്ടും പറഞ്ഞു

അവൾ പെട്ടെന്നു മുന്നോട്ടുവന്നു. തലകുനിച്ചു നിന്നു,

'ഗുരോ, ഞാനാണ്,'. ഞാനാണ് തൊട്ടത്. എനിക്കാണ് സൗഖ്യം വന്നത്'

അത്രയും പറയുമ്പോഴേക്കും അവൾ മുളചീന്തും പോലെ കരഞ്ഞുകൊണ്ട് നിലത്തു മുട്ടുകുത്തി. മുഖം പൊത്തി ഏങ്ങിക്കരഞ്ഞുകൊണ്ട്, കഴിഞ്ഞ കുറേക്കാലമായി താൻ അനുഭവിച്ചു പോന്നിരുന്ന രോഗാതുരതകൾ അദ്ദേഹത്തോട് പറഞ്ഞു. അവളുടെ ക്ഷീണിതമായ ശരീരം കാറ്റിലെ ആലിലപോലെ വിറച്ചു.

തേങ്ങൽ അടക്കാൻ അവൾ പാടുപെടുമ്പോൾ 'നിൻറെ വിശ്വാസം നിന്നെ രക്ഷിച്ചു' എന്നു പറഞ്ഞുകൊണ്ട് കുഷ്ഠരോഗിയെ സ്പർശിക്കാൻ മടി കാട്ടാതിരുന്ന കൈകൾ അവളെ താങ്ങി എഴുന്നേൽപ്പിച്ചു. ആർത്തുപെയ്ത ഒരു മഴ പെട്ടെന്നു ശമിച്ചതുപോലെ ആരവങ്ങൾ പെട്ടന്നടങ്ങി. വല്ലാത്തൊരു നിശബ്ദത. ആ സ്നേഹസ്പർശത്തിൽ തൻറെ ആകുലതകൾ അലിഞ്ഞുപോകുന്നതും ഹൃദയത്തിൽ ദൈവസ്നേഹം നിറയുന്നതും അവൾ അറിഞ്ഞു. അവൾ മുഖമുയർത്തി ക്രിസ്തുവിൻറെ മുഖത്തേക്ക് നോക്കി. 'എൻറെ ... എൻറെ ദൈവമേ .....വിറയ്ക്കുന്ന തൻറെ രണ്ടു കൈകളും നെഞ്ചിൽ ചേർത്ത് അവൾ ക്രിസ്തുവിനെ കൂട്ടിപ്പിടിച്ചു. വണങ്ങി. അപ്പൊഴും അവൾ കരയുകയായിരുന്നു. മഹാവൈദ്യൻറെ, കരുണതൂകുന്ന,..സ്നേഹം തുളുമ്പുന്ന....... ഹൃദയത്തെ തൊടുന്ന കണ്ണുകളിൽ, വാൽസല്യത്തിൻറെ നനവ്......

തൻറെ ഹൃദയം നന്ദി കൊണ്ട് നിറയുന്നത് അവൾ അറിഞ്ഞു.

'വസ്ത്രത്തിലെങ്കിലും തൊട്ടാൽ സൗഖ്യം വരുമെന്ന് ഞാൻ വിശ്വസിച്ചിരുന്നു'

അവൾ വീണ്ടും പറഞ്ഞു.

# മൗനത്തിലൂടെ ....



സാജൻ തോമസ് തമ്പി

നിശ്ശബ്ദതയ്ക്കിടയിൽ മൂടൽ മഞ്ഞിനാൽ ആകാശത്തെ പശ്ചാത്തലമാക്കി നിലകൊള്ളുന്ന കുരിശ്. കുരിശ് വെറും കല്ല് കൊണ്ടുള്ള രൂപമല്ല, മറിച്ച് മനുഷ്യരാശിയുടെ മോക്ഷകഥയുടെ അടയാളമാണ്. പലപ്പോഴും ചിന്തിക്കും കുരിശിനോരു ആത്മകഥ പറയണം എന്ന് തോന്നിയാൽ എന്തൊക്കെ പറയുമായിരിക്കും എന്ന്. കുരിശ് പറയുന്നു-

**‘ ഞാനാണ് കുരിശ് ’**

നിങ്ങളുടെ കണ്ണീരിന്റെ അതിരുകളിൽ ഞാൻ നിന്നിരുന്നു.
നിങ്ങളുടെ വേദനയുടെ **മൗനം** കണ്ണുനീരായി ഞാൻ കണ്ടിട്ടുണ്ട്
എന്നിൽ തൂക്കിയിരിക്കുന്നതൊരു മനുഷ്യനെ മാത്രം ആയിരുന്നില്ല,
നിങ്ങളുടെ എല്ലാ പാപഭാരങ്ങളും കൂടിയാണ്.
ആ ത്യാഗത്തിൽ നിന്നാണ് നിങ്ങൾക്ക് മോചനം ലഭിച്ചത്.
നിങ്ങൾ, നിങ്ങൾ തന്നെയായി പുനർജ്ജനിച്ചപ്പോൾ
ഞാനാകുന്നു നിങ്ങളുടെ പുനരുത്ഥാനത്തിന്റെ അടിത്തറ.
ഞാനില്ലെങ്കിൽ നിങ്ങൾക്ക് മോചനത്തിന്റെ വില അറിയില്ലായിരുന്നു.
ഞാനില്ലെങ്കിൽ നിങ്ങൾക്ക് കഷ്ടപ്പാടിന്റെ സ്നേഹം മനസ്സിലാക്കാൻ കഴിയില്ലായിരുന്നു.
ഞാൻ മരണമല്ല...ഞാൻ ജീവിതം ആണ്..
മരത്തിന്റെ തടിയിൽ ഞാൻ ഉരുവായിട്ടും
കഠിനമായ കല്ലിൽ ഞാൻ നിർമ്മിതമായിട്ടും,
എന്നിൽ ചൂടുണ്ട് --- സ്നേഹത്തിന്റെ ചൂട്
ക്രൂശിക്കപെട്ടവൻ അതിന് നൽകിയ സ്നേഹം
ഞാൻ നിങ്ങൾക്കായി കരുതി.
എനിക്ക് വാക്കുകൾ ഇല്ലെങ്കിലും,
നീ എന്നിലേക്കു ചേർന്നാൽ
നിന്നിൽ നിന്നൊരു വാക്ക് മുഴങ്ങണം,
വിശ്വാസത്തിന്റെ നാഴികക്കല്ല് വിരിയണം.

**ജീവിതം** എന്നുള്ള വാക്കും ,
ക്രൂശ്ശിക്കപെട്ടവൻ **ഉയിർത്തെഴുന്നേറ്റു,**
**നമ്മോട്** കൂടെ ഉണ്ട് എന്നുള്ള വിശ്വാസവും.

# കഷ്ടങ്ങളിലും പ്രശംസിക്കുക

സജിത്ത് മത്തായി



കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്ന് അറിഞ്ഞു നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു. (റോമർ 5:34)

ഒരു ദൈവ പൈതലിന്റെ ജീവിതത്തിൽ കഷ്ടതയ്ക്ക് വലിയ പ്രാധാന്യമുണ്ട്. കഷ്ടങ്ങളിലും പതറി പോകാതെ ദൈവത്തോട് ചേർന്ന് ജീവിക്കുവാൻ നമുക്ക് കഴിയണം. വിശുദ്ധ യോഹന്നാൻ എഴുതിയ സുവിശേഷം16:33 ൽ പറയുന്ന പോലെ 'ലോകത്തിൽ നിങ്ങൾക്ക് കഷ്ടമുണ്ട് എങ്കിലും ധൈര്യപ്പെടുവിൻ. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു'.

നാം ഓരോരുത്തരും ജീവിതത്തിൽ സന്തോഷിക്കുന്നത് നന്മകളിലും നേട്ടങ്ങളിലുമാണ്. എന്നാൽ ക്രിസ്തീയ ജീവിതത്തിൽ നേട്ടങ്ങളിൽ മാത്രമല്ല, കഷ്ടങ്ങളിലും പ്രശംസിക്കുവാൻ നമുക്ക് കഴിയണം. ലോകത്തെ ജയിച്ചിരിക്കുന്ന ക്രിസ്തു നമ്മോട് കൂടെയുണ്ട്. ദൈവമക്കളുടെ ജീവിതത്തിൽ വരുന്ന കഷ്ടത അവരെ തകർത്തു കളയുകയല്ല, അവരെ ഉടച്ച് പണിയുകയാണ് ചെയ്യുന്നത്.

കുശവൻ തന്റെ കയ്യിലിരിക്കുന്ന കളിമണ്ണിനെ മനോഹരമായ ഒരു ശിൽപമാക്കി തീർക്കുവാൻ വേണ്ടി ഉടച്ചു പണിയുന്നത് തന്റെ മനസ്സിലെ ആഗ്രഹത്തിന് ഒത്തവണ്ണം അതിനെ രൂപകല്പന ചെയ്യുവാൻ വേണ്ടിയാണ്. അതുപോലെ ദൈവത്തിന്റെ കയ്യിലെ കളിമണ്ണ് ആയ നമ്മെ ഇഷ്ടമുള്ള രീതിയിൽ രൂപകല്പന ചെയ്യുവാൻ ഉടച്ചു പണിയുവാൻ അവന് അധികാരമുണ്ട്.

വിശുദ്ധ വേദപുസ്തകത്തിൽ കഷ്ടങ്ങളിൽ കൂടി കടന്നുപോകുന്ന അനേകം ആളുകളുണ്ട് അതിൽ ഒരാളാണ് ഇയ്യോബ്. യഹോവ ഇയ്യോബിനെ പറ്റി പറഞ്ഞിരിക്കുന്നത് നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകന്നവനും  എന്നാണ്. അങ്ങനെയുള്ള ഇയ്യോബിന്റെ ജീവിതത്തിൽ ഉണ്ടായത് കഷ്ടങ്ങളും നഷ്ടങ്ങളും മാത്രമാണ്. എന്നിട്ടും ഇയ്യോബ് ജീവിതത്തിൽ നിരാശപ്പെട്ട് പോകുകയും ദൈവത്തോട് പാപം ചെയ്യുകയും ചെയ്തില്ല. കഷ്ടതയുടെ നടുവിലും ഇയ്യോബ് പ്രത്യാശ ഉള്ളവൻ ആയിരുന്നു. ഇതാണ് ഒരു ദൈവപൈതലിന് വേണ്ടത്. തനിക്ക് ഉള്ളത് ഒക്കെ നഷ്ടപ്പെട്ടിട്ടും ഭാര്യയെയും മിത്രങ്ങളും സ്നേഹിതന്മാരും ഒറ്റപ്പെടുത്തിയിട്ടും പതറാതെ ഇയ്യോബ് ദൈവത്തിൽ അടിയുറച്ചു  വിശ്വസിച്ചു. ഇയ്യോബിന്റെ പുസ്തകം 42:10. 'ഇയ്യോബ് തന്റെ സ്നേഹിതന്മാർക്ക് വേണ്ടി പ്രാർത്ഥിച്ചപ്പോൾ യഹോവ അവന്റെ സ്ഥിതിക്ക് ഭേദം വരുത്തി മുൻപേ ഉണ്ടായിരുന്നതൊക്കെയും യഹോവ ഇയ്യോബിനു ഇരട്ടിയായി കൊടുത്തു'. നഷ്ടങ്ങളിലും പതറാതെ ദൈവത്തിൽ വിശ്വസിച്ചു മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോൾ ദൈവം നമ്മുടെ ജീവിതത്തിലും പ്രവർത്തിക്കും ഇപ്പോഴുള്ളതിലും ഇരട്ടിയായി തരുവാൻ സ്വർഗീയ ഭണ്ടാരങ്ങൾ തുറന്ന് നമ്മെ അനുഗ്രഹിക്കുവാൻ, ഓരോ കഷ്ടങ്ങളും ദൈവത്തിന്റെ ഇടപെടലായി കാണുവാൻ നമുക്ക് ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## Grow Together in Faith, Hope & Love



Bevin K. Benny

In today's world, it's easy to feel overwhelmed — by pressures, expectations, and the fear of what comes next. But in the middle of all this, God invites us to trust Him. Trust is not about having all the answers. It's about knowing who holds our future. When we put our trust in God, we stop relying only on our own strength and start walking in His grace. That's where real peace begins.

But faith does not stop at personal comfort — it leads to hope. A kind of hope that looks beyond negativity and says, "Something even better is coming, because God is with me."

And as we grow in faith and hope, we're called to do one more thing: look around. There are people near us — friends, classmates, family — who may be silently struggling. As youth, we have the power to lift others. Let's encourage, support, and walk together.

Your kind word can be someone's motivation. Your presence can be someone's comfort. Your growth can inspire someone else's breakthrough.

When we grow together, rooted in faith, watered by hope, and surrounded by love — we create a garden of grace that the world truly needs.

So let's not grow alone. Let us rise together. Trust God, spread positivity, and help others rise with us. That's real success.

# അമ്മമാർ തുടരും...





ജിജോ ജോർജ്

കർകശക്കാരനായ അപ്പന്റെ മക്കൾക്കുള്ള ഏക ആശ്രയം എന്നും അമ്മമാരാണ് എന്നത് ലോക തത്വമായി തന്നെ മാറിക്കഴിഞ്ഞിരിക്കുന്നു. ഇത് എങ്ങനെയാണ് സാധിക്കുന്നത് എന്നത് ഒരു അത്ഭുതം തന്നെ. തികച്ചും ദൈവികമായ ഒരു ഇടപെടൽ പോലെയാണത്!
ജീവിതത്തിലെ ഓരോ ചെറിയ കാര്യത്തിനും, പിറകിൽ നിന്ന് അമ്മയുടെ കൈത്താങ്ങ് വേണം ...പഠിക്കാൻ, കുളിക്കാൻ, വസ്ത്രങ്ങൾ കഴുകാൻ. വളരെയധികം പറയണ്ട. ആഹാരം കഴിപ്പിക്കാനും അമ്മ തന്നെ വേണം. സ്കൂൾ വിട്ട് വീട്ടിൽ വന്നാൽ അമ്മയോട് ഒത്തിരി വിശേഷങ്ങൾ പറയാൻ ഉണ്ടാകും. എന്നാൽ അപ്പനോട് .അമ്മ എവിടെ...എന്ന് മാത്രം. അമ്മക്ക് തുല്യം അമ്മ മാത്രം.
90 കളിലെ അമ്മമാർ, പ്രത്യേകിച്ചും തെക്കൻ കേരളത്തിലെ നസ്രാണി കുടുംബങ്ങളിലെ അമ്മമാർ ... അവരുടെ ജീവിതം മുഴുവനായും മക്കളെ ചുറ്റിപ്പറ്റിയിരിക്കുന്നു.

സത്യം പറഞ്ഞാൽ, അമ്മ ഇല്ലാതെ അന്നത്തെ കുട്ടികളുടെ ഒരു ദിവസവും മുന്നോട്ട് നീങ്ങാത്ത അവസ്ഥയായിരുന്നു. ഇന്നത്തെ എല്ലാ ജോലി ചെയ്യുന്ന അമ്മമാരുടെയും നട്ടെല്ലായിത്തീർന്നത്, അന്നത്തെ അമ്മമാരുടെ അളവില്ലാത്ത അധ്വാനമാണ്. അവരുടെ നിസ്വാർത്ഥ കരുതലും, പ്രാർത്ഥനകളും...

ഇന്നത്തെ തലമുറ ഗൾഫിലോ, യൂറോപ്പിലോ, അമേരിക്കയിലോ, ലോകത്തിന്റെ ഏത് അറ്റത്തായാലും മുൻപോട്ടു നിൽക്കാൻ സഹായിച്ചതിന് പിന്നിൽ ആ കരിപുരണ്ട അമ്മ കൈകളാണ്, അവർ തന്നെ വേണ്ടന്ന് വെച്ച അവരുടെ ജീവിതമാണ്. മക്കളേ, ആ അമ്മമാരുടെ കഷ്ടപ്പാടുകളും ത്യാഗപൂർണ്ണമായ ജീവിതവും ഒരിക്കലും മറക്കരുത്.

മക്കളുടെ ജീവിതത്തിൽ ഓരോ തീരുമാനവും എടുക്കുമ്പോഴും ആരൊക്കെ അവരെ അവഗണിച്ചു കാണും, എവിടൊക്കെ അവർ ഒറ്റപ്പെട്ടവരായി ഉണ്ടാകും, ആരോടൊക്കെ തർക്കിച്ചട്ടുണ്ടാകും ആ അമ്മ അനുഭവിച്ച കഷ്ടപാടുകൾ മക്കൾക്ക് വരല്ലേ എന്ന് പ്രാർത്ഥിച്ചിട്ടുണ്ടാകും.

മക്കൾക്കായി എല്ലാം വലിച്ചെറിഞ്ഞ് നിന്ന അമ്മമാർ, ഇന്നും മാറിനിന്ന് നിങ്ങളുടെ ജീവിതം നോക്കി വിലയിരുത്തുന്നവരാണ്. അവരാണ് നിങ്ങളെക്കുറിച്ച് അഭിപ്രായം പറയാൻ യഥാർത്ഥ അർഹതയുള്ളവൾ. അവരെ മറന്നാൽ, നീ ഉണ്ടാക്കിയ എല്ലാം ഒരുദിനം അപ്രത്യക്ഷമാകും!
അവരുടെ മുട്ടിപ്പായ പ്രാർത്ഥനകൾ എന്നും ദൈവ സന്നിധിയിൽ എത്തും നിശ്ചയം.
ഒന്നും തിരിച്ചു പ്രതീഷിക്കാതെ.

# പെൻസിലിനുമപ്പുറം

ബിന്റു മത്തായി



ദുബായിലെ ഉച്ചവെയിലിൽ, സാബുവിന്റെ കൈയിൽ മഴതുള്ളികൾപോലെ ഒലിച്ചുപോകുന്ന വിയർപ്പ് തുള്ളികൾ. അതു കണ്ടപ്പോൾ മനസ്സിൽ ഓടിയെത്തിയത് ഒരു പഴയ പുസ്തകക്കുറിപ്പ്. 'അച്ഛാ, ചപ്പാത്തി കുഴയ്ക്കാൻ ഞാനുണ്ട്.' അവന്റെ അഞ്ചു വയസ്സുകാരൻ അപ്പുവിന്റെ കുസൃതി നിറഞ്ഞ വാക്ക്. വിസ പ്രത്യാശകളുടെ ഇടയിലൂടെ പിരിഞ്ഞുപോയ കുടുംബത്തെയും മകനെയും വീണ്ടും കയ്യെത്തിപ്പിടിക്കാൻ ആകാത്ത ദൂരങ്ങൾക്കപ്പുറത്ത്. ജോലി കഴിയുമ്പോഴുള്ള ഫോണുകൾ മാത്രം ബന്ധമായി. ഓരോ മാസവും അയക്കുന്ന പണത്തിൽ കടന്നു കയറിയ സന്തോഷങ്ങൾക്കും, കുഞ്ഞിന്റെ മുഖത്ത് വീഴുന്ന ചിരിക്കും, പക്ഷേ പിതാവിന്റെ മനസ്സിൽ പുകയുന്ന നൊമ്പരങ്ങൾക്കും ഒരു വിലയുണ്ട്. കുടുംബത്തിൽനിന്ന് അകന്നു നിൽക്കുമ്പോഴും. സാബു പാർസലിനൊപ്പം അയക്കുന്ന കുറിപ്പ്: 'എന്റെ പൊന്നുമോന്' വാത്സല്യം നിറഞ്ഞ ഒരു അച്ഛന്റെ വാക്കുകൾ. ഞാൻ വരും. ഈ വർഷം പപ്പാടെ മോനെ കാണാൻ.. അച്ഛന്റെ സ്വപ്നം നിറഞ്ഞ വാക്കുകൾ! '. അടുത്ത ദിവസം രാവിലെ സാബുവിന്റെ മൊബൈലിൽ ഒരു വോയിസ് മെസേജ്: 'അച്ഛാ, എന്റെ ആദ്യത്തെ പാട്ട് സ്കൂളിൽ ഞാൻ പാടി! ടീച്ചർ പറഞ്ഞു, നീന്തുന്ന പുഴയും പറക്കുന്ന കിളികളും എന്റെ ഗാനം പോലെ ആണെന്ന്' അപ്പുവിന്റെ കുരുന്നുനാദം സാബുവിന്റെ ഹൃദയത്തിൽ ആഴത്തിൽ മുറിവുണ്ടാക്കി. അതൊരു സന്തോഷമുള്ള വേദന ആയിരുന്നു. സ്വന്തം കുഞ്ഞിന്റെ വളർച്ച ഒറ്റപ്പെട്ട ദൂരങ്ങളിൽ നിന്ന് മാത്രം കാണേണ്ടിയിരിക്കുന്നു എന്ന ദു:ഖം. അവൻ കൈയിലുണ്ടായിരുന്ന പഴയ പേന എടുത്ത് കുറിക്കാൻ തുടങ്ങി. പത്രത്തിന്റെ പരാമർശത്തോളം വലിയ കടങ്ങൾ ബാക്കി. അതിൽ അദ്ദേഹം സ്വപ്നങ്ങൾ പകർന്നു. 'എന്റെ മകനേ, നിന്നെ എനിക്ക് കാണാൻ കഴിയാത്ത ഓരോ ദിവസവും, ഞാൻ ഒന്ന് കുറച്ചിരിക്കും. അതിന്റെ ഭാരം നീ ഒരിക്കലും അറിയരുത്. പക്ഷേ നീ പാടുമ്പോൾ അതിലെ ഓരോ വരിയിലും ഞാൻ കാണും. ഞാൻ നിന്നിൽ ജീവിക്കും.' അടുത്ത ദിവസം അവൻ ജോലി കഴിഞ്ഞ് താമസസ്ഥലത്ത് എത്തിയപ്പോൾ കയറി വന്ന ഒരു ശുഭവാർത്ത, അടുത്ത മാസം ചെറിയ ഒരു അവധി നാട്ടിലേക്കുള്ള ഒരു യാത്ര അനുവദിച്ചിരിക്കുന്നു. അവൻ ആ ഒരു രാത്രി ഉറങ്ങിയില്ല. യാത്രയക്കു,

കൊണ്ടുപോകേണ്ട സമ്മാനങ്ങൾ, കുഞ്ഞിനുള്ള ആ പഴയ പേൻസിലുകളും കളറുകളും...ഒക്കെയും തയ്യാറാക്കി വെച്ചു. കുറെ ചിന്തിച്ചു: 'ഒരു കുഞ്ഞിന്റെ കൈയിൽ കിട്ടിയ ഓരോ ചെറു പെൻസിലിന് പിന്നിൽ ഒരു അച്ഛന്റെ ഇരുണ്ട രാത്രി ഉണ്ട്. ആ പെൻസിൽ അത്രമേൽ വിലപ്പെട്ടതാണ്.' അവസാനം: മണൽകൊട്ടാരങ്ങൾ പോലെ അനിയന്ത്രിതമായി പൊളിഞ്ഞു പോകുന്ന സ്വപ്നങ്ങൾക്കിടയിലും, ഒരു അച്ഛൻ കെട്ടിപടുക്കുന്ന മനസ്സിലെ ചെറിയ കെട്ടിടം. പ്രതീക്ഷയുടെ പേരിൽ. അങ്ങനെ പോകാൻ ഉള്ള ദിവസം അടുത്ത് വന്നു തന്റെ സാധനങ്ങൾ ഓരോന്നായി തന്റെ പെട്ടിക്കുള്ളിൽ ആഴ്ചയിൽ മഴയ്ക്കായി കാത്തിരിക്കുന്ന വേഴാമ്പൽ പോലെ മാസത്തിൽ വല്ലപ്പോഴും കിട്ടുന്ന അവധി ദിവസം, സ്വകര്യം കിട്ടുമ്പോലെ വാങ്ങി തന്റെ കാർട്ടൺ ബാഗിൽ ഓരോന്നായി അടുക്കി വച്ച് ...സ്വപ്നങ്ങൾ ഒക്കെ കണ്ട് ഉറങ്ങി.രാവിലെ നീട്ടിഅടിച്ച അലാറം ഓഫ് ആക്കി ജോലിക്ക് ചെന്നപ്പോൾ കാത്തു നിൽക്കുന്നു മാനേജർ...തന്റെ ലീവ് ക്യാൻസൽ ചെയ്തിരിക്കുന്നു.. തന്റെ ആഗ്രഹങ്ങളും , കണ്ട് കൂട്ടിയ സ്വപ്നംനീട്ടി. രാത്രിയിൽ, തൊഴിലാളികളുടെ കൂടെ കോണിൽ, കനത്ത വെയിലിൽ അലിഞ്ഞ ഒരു മനസ്സിന്റെ താഴ്വരയിൽ, സാബുവിന്റെ കണ്ണുകൾ വീണ്ടും ചൂടിനും നൊമ്പരത്തിനും കീഴടങ്ങി. അദ്ദേഹം എഴുതി അവസാനിച്ച വരി : 'പ്രവാസം ഒരു തുടർച്ചയുള്ള യാത്രയാണ്. സ്വന്തം വീടിന്റെ വാതിലുകൾക്കുള്ളിൽ മടങ്ങാൻ കഴിയാതെ..'.!

# ദൈവത്തിന്റെ വഴി



ദീപാ റെജി

***'ദൈവത്തിന്റെ വഴി തികവുള്ളത്'***

സങ്കീർത്തനങ്ങൾ 18:30

നാമോരോരുത്തർക്കും പരിചിതമായൊരു വാക്യമാണിത്. പലപ്പോളും വായിച്ചു വിടുന്ന ഒരു ഭാഗം. തികവ് എന്നാൽ പൂർണത എന്നാണ് അർത്ഥമാക്കുന്നത്. നമ്മുടെ കർത്താവിനു മാത്രമേ ആ പൂർണത നൽകാനാവു. പർവ്വതസമാനമായതും, സാഗരസമാനമായതും ആയ ഏതൊരു പ്രതിസന്ധിയിലും പൂർണത നിറഞ്ഞ ഒരു മാർഗം കണ്ടെത്തി തരാൻ അവിടുത്തെ ശക്തിക്കല്ലാതെ ആർക്കു കഴിയും. മനുഷ്യർ കണ്ടെത്തുന്ന വഴികൾക്ക് ഒരിക്കലും ഒരു പൂർണത ഇല്ല. അതു ചിലപ്പോൾ പകുതിയിൽ നിന്നുപോകും. എന്നാൽ ദൈവം ഒരു വഴി തുറന്നാൽ അതിനെ അടയ്ക്കാനോ മാറ്റങ്ങൾ വരുത്താനോ ആർക്കും സാധ്യമല്ല. മരുഭൂമിയിലും മനോഹരമായ പാതയൊരുക്കുവാനും അതിനെ ഒരു ഉദ്യാനം ആക്കുവാനും കർത്താവിനല്ലാതെ ആർക്കു കഴിയും.

യെശയ്യ പ്രവാചന്റെ പുസ്തകത്തിൽ പറയുന്ന മൂന്നു കാര്യങ്ങൾ ഉണ്ട്.നിങ്ങളുടെ മുൻപിൽ മലകളാണെങ്കിലും മരുഭൂമി ആണെങ്കിലും സമുദ്രമാണെങ്കിലും അതിനെ ദൈവത്തിനു വഴിയാക്കാൻ സാധിക്കും. യെശയ്യാവ് 51:10 ൽ പറയുന്നു 'സമുദ്രത്തെ, വലിയ ആഴിയിലെ വെള്ളങ്ങളെ തന്നേ, വറ്റിച്ചുകളകയും വീണ്ടെടുക്കപ്പെട്ടവർ കടന്നുപോകേണ്ടതിന്നു സമുദ്രത്തിന്റെ ആഴത്തെ വഴിയാക്കുകയും ചെയ്തതു നീയല്ലയോ?'.ചെങ്കടലിനു അടിയിൽ ഒരു വഴി ഉണ്ടെന്നു ലോകത്തിലെ ഒരാൾക്കും ചിന്തിക്കാൻപോലും കഴിയുകയില്ല. ഇന്നും പലർക്കും അതു വിശ്വസിക്കാൻ പ്രയാസം കാണും. എന്നാൽ അതു സത്യമാണെന്നു ചരിത്രം പോലും പറയുന്നു. ദൈവത്തെ പോലെ അതുപോലെ അസംഭവ്യമായ കാര്യം നടത്താൻ ആർക്കു കഴിയും. അതിനുശേഷം

ആർക്കെങ്കിലും അങ്ങനെ ഒരു വഴി ഒരുക്കുവാൻ സാധിച്ചിട്ടുണ്ടോ? അതുപോലെ എത്ര അത്ഭുതകരമായാണ് യിസ്രായേൽ മക്കളെ ദൈവം വഴി നടത്തിയത്. പകൽ മേഘസ്തംഭവും രാത്രി അഗ്നിമേഘത്തൂണും കൊണ്ട് ഫറവോ സൈന്യം കാണാതെ അവരെ പൊതിഞ്ഞു കൊണ്ട് പോയ ദൈവത്തിന്റെ കരുതൽ എത്ര മഹത്തരമാണ്.ആ കരുതലിന്റെ വഴി നാം തിരിച്ചറിഞ്ഞു ആ വലിയവന്റെ പാതയിൽ നമൊരുത്തരും നടക്കണം.

നമ്മുടെ ദൈവം ഒരുക്കുന്ന വഴിയിൽ ഒരുക്കലും തെറ്റുപറ്റുകയില്ല. അതു തികവുള്ളതാണ്. അതുപോലെ വചനം പറയുന്നു കർത്താവിന്റെ വഴികൾ അഗോചരം ആകുന്നു.അതായതു അതു മറഞ്ഞിരിക്കുന്നു. ആ വഴികൾ ആർക്കും അറിയാൻ സാധിക്കുകയില്ല.

മനുഷ്യ ജീവിതത്തിൽ വ്യത്യസ്തമായ വഴികളെ തുറക്കാൻ കഴിയുന്നവനാണ് നമ്മുടെ ദൈവം. അടച്ചുപൂട്ടപ്പെട്ട വാതിലുകൾക്ക് മുൻപിൽ വ്യത്യസ്തകരമായ വഴികൾ തുറക്കാൻ കർത്താവിനല്ലാതെ ആർക്കു കഴിയും. ആ വഴികൾക്ക് പകരം വയ്ക്കാൻ ലോകത്തിലെ ഒരു ശക്തിക്കും കഴിയുകയില്ല. അതാരുടെ ഹൃദയത്തിലും തോന്നുകയുമില്ല. അത്രയും വ്യത്യസ്തമാണ് ആ വഴികൾ. പക്ഷെ നാം നമ്മുടെ കർത്താവിൽ പൂർണ്ണമായും വിശ്വാസം വക്കണം. എങ്കിലേ അതു നമുക്കുമുൻപിൽ തുറന്നുവരികയുള്ളു. അപ്പോൾ നാമും മറ്റുള്ളവർക്ക് മുൻപിൽ വേറിട്ടുനിൽക്കും. നാം വിളിക്കുന്ന ദൈവത്തെ മറ്റുള്ളവർ നമ്മളിലൂടെ കാണും. ആ ദൈവം നമ്മുടെ ജീവിതത്തിൽ നൽകുന്ന പ്രത്യാശ അവരുടെ ജീവിതത്തിലും നിറയും. ജീവിതത്തിൽ നിരാശ നിറയുമ്പോൾ എനിക്കൊരു ദൈവമുണ്ട്. അവനെന്നോട് കൂടെ ഉണ്ട് എന്ന കഠിനമായ വിശ്വാസം നമ്മളിൽ നിറയും. ഏതു പ്രതിസന്ധിയെയും നാം തരണം ചെയ്യും.അതേ ആ കർത്താവിന്റെ വഴികളിൽ പൂർണ്ണമായി നാം ആശ്രയം വെച്ച് മുന്നോട്ട് പോകുക. അവൻ നമ്മെ കരുതിക്കൊള്ളും.അതേ കർത്താവായ യേശുക്രിസ്തുവിൽ ആശ്രയം വെക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.

# ഉള്ള്...



ഷിജു തങ്കച്ചൻ

അയാൾ പ്രാർത്ഥിച്ചു കൊണ്ടിരുന്നു...
അല്ല, നിലവിളിച്ചുകൊണ്ടിരുന്നു;
ശബ്ദം വരാതെ,
കണ്ണീരും ഉമിനീരും കലർന്ന്,
ആത്മസംഘർഷം
ഞരമ്പുകളിൽ തിണർത്ത്
ഒടുവിൽ
വിയർപ്പു ചോരയായി
നിലത്ത് വീഴുമ്പോഴും,
അയാൾ പ്രാർത്ഥിക്കുകയായിരുന്നു...
ആ നിലവിളികൾക്ക്,
മറുപടി ചില നാളുകൾക്ക് ശേഷമായിരുന്നു...
അയാൾക്കതെല്ലാം അറിയാമായിരുന്നു...
എന്നിട്ടും നിലവിളിച്ചു...
ചില സംഘർഷങ്ങളിൽ ഒറ്റയ്ക്ക്,
നിശബ്ദം
നിലവിളിക്കാൻ ഞാനും പഠിച്ചത്
അങ്ങനെയാണ്...
കൂട്ടിരിക്കുന്നവർ ഉറങ്ങും,
പാവങ്ങൾ...
ആത്മനോവുകൾ പകുത്തെടുക്കാൻ
അതേ നോവുള്ളോർക്കല്ലേ
കഴിയൂ...
അന്നു മുതലാണ്,
എന്നിലും മൗനം നിറഞ്ഞത്,
ഉള്ള് പകുത്തെടുക്കാൻ
ഞാനും ശീലിച്ചത്...
ഗദ്ശമന പറയാതെ, പറഞ്ഞു...



# യുദ്ധവും കലഹവും



ബിബിൻ എബ്രഹാം



അപകടകരമായ് തീരും കലഹങ്ങളൊക്കയും
അറുതിയില്ലാത്ത കെടുതിയും വറുതിയും
അരികിൽ വരുത്തിടും നമ്മൾ തൻ ജീവനിൽ
അനുഭവിച്ചീടുവാൻ ഓരോരോ നാട്ടിലും;
അസമത്വത്താലരോചകം തീർത്തിട്ട്
അഭയാർത്ഥികളാക്കിടും യുദ്ധക്കെടുതികൾ
അനവധി വർഷങ്ങൾ പിന്നോട്ടൊഴുക്കിടും
അപകടം തീർക്കുന്ന യുദ്ധവിനാശങ്ങൾ!
അപകീർത്തിയും തീവ്ര ഭീകരവാദങ്ങളും
അടിപടലം നശിപ്പിച്ചിടുന്നു രാഷ്ട്രങ്ങളെ.
അകറ്റണം വിനാശമാം ചിന്തയും പ്രവൃത്തിയും
അതിസുന്ദരഭാവിതീർത്തിടാനോരോ മനുഷ്യരും
അകലണം യുദ്ധവും വംശീയ നാശവും
അറുതിതീർത്തൊരു നല്ല നാൾ പുലരുവാനായ്.
ഒന്നായി ചേർന്ന് നന്നായി ചിന്തിച്ചിടാം
നല്ല നാളെയ്ക്കായി
നല്ല തലമുറകൾക്കായി.

# Tuna Avocado Salad



Jinsa Sara Jacob

## Ingredients:

**For the Salad:**

- 1 can white tuna
- 1 ripe avocado, diced
- 1 cup lettuce, chopped
- ½ cucumber, diced
- ½ each red, yellow, green, and orange capsicum, sliced
- 1 cup mixed color cherry tomatoes, halved
- ¼ cup feta cheese, diced
- ¼ cup black olives, sliced
- ½ Thailand raw mango, julienned
- 1 tbsp chopped fresh coriander leaves
- 1 tsp white sesame seeds (for garnish)

**For the Dressing:**

- 2 tbsp lemon juice (freshly squeezed)
- 2 tbsp olive oil
- ½ tsp chili flakes (adjust to taste)
- 1 tsp honey
- Salt to taste

**Tips:**

- Serve chilled for the freshest flavor.
- Add roasted nuts or seeds for an extra crunch.
- Swap tuna with grilled or fried chicken (KFC) for a tasty variation.

## Instructions:

1. **Prepare the Tuna:**
   Drain and season lightly with olive oil, salt, and pepper.
2. **Make the Dressing:**
   In a small bowl, whisk together lemon juice, olive oil, chili flakes, honey, and salt until emulsified.
3. **Assemble the Salad:**
   In a large mixing bowl, combine lettuce, cucumber, capsicum, cherry tomatoes, raw mango, olives, avocado, and feta cheese.

   Add the cooked tuna on top.
4. **Add the Dressing:**
   Pour the prepared dressing over the salad and gently toss everything together.
5. **Garnish:**
   Sprinkle chopped coriander leaves and white sesame seeds on top.



# Pineapple Ginger Wine

## Ingredients:

- 1 medium-sized ripe pineapple, peeled and chopped (about 3–4 cups)
- 1 cup fresh ginger, crushed
- 4–6 cardamom pods (or 1 tsp cardamom seeds)
- 4–5 cloves
- 1 small cinnamon stick
- 1.5 kg sugar (adjust to desired sweetness)
- 4 liters water
- ½ tsp dry yeast (wine yeast or baker's yeast)

**Tips:**

- The longer the fermentation, the stronger and deeper the flavor.
- Always use sterilized jars, spoons, and bottles to avoid spoilage.
- Add a few raisins or lemon peels for added depth and aroma.

## Instructions:

1. **Boil the Base:**
   - Boil the 4 liters of water and allow it to cool to room temperature.

2. **Mix Ingredients:**
   - In a clean glass or ceramic jar, add the chopped pineapple, crushed ginger, spices (cardamom, cloves, cinnamon), sugar, and cooled water.
   - Stir well using a clean wooden spoon.
3. **Add Yeast:**
   - Dissolve the yeast in a small amount of luke warm water. Let it sit for 10 minutes to activate.
   - Add the activated yeast to the mixture and stir again.
4. **Fermentation:**
   - Cover the jar with a clean cloth or a loose-fitting lid to allow gases to escape.
   - Store in a warm, dark place for 14 to 21 days.
   - Stir the mixture once daily using a clean wooden spoon.
5. **Filter and Bottle:**
   - After fermentation, strain the wine to remove fruit and spice residues.
   - Pour the clear wine into sterilized bottles, seal tightly, and refrigerate or store in a cool place.
6. **Optional Aging:**
   - For a richer flavor, allow the wine to age in the bottle for another 1–2 weeks before serving.





# RESIN ART DIY



Honey George



